മൗനത്തിന്റെ ദേവാങ്കണം

ഡോ. രാജൻ ചുങ്കത്ത്

പറയിപെറ്റ പന്തിരുകുലത്തിലെ പിൻഗാമികളില്ലാത്ത ഏക സന്താനമാണ് വായില്ലാക്കുന്നിലപ്പൻ. വാകീറിയതിനെല്ലാം ഈശ്വരൻ ഇര കല്പിച്ചിട്ടുണ്ടെന്ന പ്രകൃതിനിയമത്തിന്റെ പേരിൽ പ്രസവിച്ച പന്ത്രണ്ട് മക്കളേയും ഉപേക്ഷിക്കേണ്ടി വന്നപ്പോൾ ഒരു കുട്ടിയെങ്കിലും തന്നോടൊപ്പം വളരട്ടെയെന്നാഗ്രഹിച്ച പറയിപ്പെണ്ണ് വരരുചിയോട് കള്ളം പറഞ്ഞു. പന്ത്രണ്ടാമന് വായില്ലെന്ന്. എങ്കിൽ കുഞ്ഞിനെയെടുത്ത് കൂടെ നടന്നോളു എന്ന് കല്പിച്ചു വരരുചി. പക്ഷേ, ഏറെ നടന്നില്ല പറയിപ്പെണ്ണ്. അവൾ കുട്ടിക്ക് മുലകൊടുക്കാൻ നോക്കുമ്പോൾ മഹാത്ഭുതം എന്നുപറയട്ടെ കുഞ്ഞിന് ശരിക്കും വായില്ലാതായിരിക്കുന്നു. അന്നേരം ആ കുഞ്ഞിനെ വരരുചി 'വായില്ലാക്കുന്നിലപ്പൻ' എന്നു പേർവിളിച്ച് ഒരു കുന്നിൻമുകളിൽ ജീവനോടെ പ്രതിഷ്ഠിച്ചു എന്നാണ് കഥ. മൗനത്തിന്റെ ദേവാങ്കണത്തിൽ പിന്നീട് ഒരു ക്ഷേത്രമുണ്ടായി.

വള്ളുവനാട്ടിലെ കടമ്പഴിപ്പുറത്ത് വരരുചി സ്വന്തം മകനെ കുടിയിരുത്തിയ ക്ഷേത്രം പിന്നീട് വായില്ലാക്കുന്നത്തമ്പലം എന്ന പേരിൽ പ്രസിദ്ധമായി. നിളയുടെ പോഷക നദിയായ കുന്തിപ്പുഴ, 'കരിമ്പുഴ'യായൊഴുകി, 'തൂതപ്പുഴ'യാകുന്നത് കടമ്പഴിപ്പുറത്തിനടുത്താണ്.

വരരുചിയുടെ പന്ത്രണ്ടു സന്താനങ്ങളിൽ കനിഷ്ഠനെങ്കിലും ചൈതന്യവിശേഷത്താൽ വരിഷ്ഠനാണ് വായില്ലാക്കുന്നിലപ്പൻ. അസാധാരണമായ ബ്രഹ്മവർച്ചസിന്റെ നിവാസകേന്ദ്രമായ വരരുചി അർധനാരീശ്വര സങ്കല്പത്തിൽ പ്രതിഷ്ഠിച്ച വായില്ലാക്കുന്നിലപ്പൻ ഒരുപക്ഷേ 'വാ' ഉള്ളതിനാൽ മാത്രം ജീവിക്കാൻ വിധിക്കപ്പെട്ട മറ്റു പതിനൊന്നുപേരെക്കാളും ദിവ്യനും കേമനുമായിരുന്നിരിക്കാം. അഗ്നിഹോത്രിക്ക് അച്ഛന്റെയും പാക്കനാർക്ക് അമ്മയുടെയും വായില്ലാക്കുന്നിലപ്പന് രണ്ടുപേരുടെയും മുഖച്ഛായ ആയിരുന്നത്രെ.

ദേവനെപ്പോലെ എപ്പോഴും മൗനമൂകമാണ് ക്ഷേത്രാങ്കണം. കിഴക്കോട്ട് ദർശനമായ വട്ടശ്രീകോവിലിലാണ് അർധനാരീശ്വര സങ്കല്പത്തിലുള്ള വായില്ലാക്കുന്നിലപ്പൻ പ്രതിഷ്ഠ. കേരളത്തിലെ ആശാരിമാർ ചിന്തേരിടുന്ന വിദ്യ കണ്ടെത്തും മുൻപായിരിക്കണം ക്ഷേത്രനിർമിതി. ഇവിടത്തെ മരപ്പണിയെല്ലാം ഉളിച്ചെത്താണ്.

പ്രധാന ക്ഷേത്രത്തിന്റെ പടിഞ്ഞാറെ ചുറ്റമ്പലത്തിന്റെ തെക്കുഭാഗത്ത് ഗണപതിക്കും വടക്കുഭാഗത്ത് സുബ്രഹ്മണ്യനും ഉപക്ഷേത്രങ്ങളുണ്ട്.

സംസാരശേഷിയുടെ അധിപനാണ് ഈ മൗനദേവൻ. അതിനാൽ സംസാരശേഷി കുറഞ്ഞവരും വിക്കിയും കൊത്തിയും സംസാരിക്കുന്നവരും ഇവിടെ കദളിപ്പഴം നേദിച്ച് വാഗ്മിത്വവും മധുരാലാപനശേഷിയും വീണ്ടെടുക്കാറുണ്ട്. വായില്ലാക്കുന്നിലപ്പന്റെ വാരവും പാൽപ്പായസവും പ്രസിദ്ധമാണ്. സോമവാര പ്രാധാന്യമുള്ള ഈ ക്ഷേത്രത്തിൽ തുലാമാസത്തിലെ തിരുവോണ നാളിൽ നടക്കുന്ന കന്യകമാരുടെ 'കതിർക്കുല' വഴിപാടും സവിശേഷമാണ്.

വായില്ലാക്കുന്ന് ക്ഷേത്രത്തിലെ ആറ് ഊരാളന്മാരിൽ ഒന്നാം ഊരാളൻ തരക (വൈശ്യൻ)നാണ്. പാലക്കാട് ജില്ലയിൽ മാത്രം കാണുന്ന വൈശ്യവിഭാഗങ്ങളാണ് മൂത്താന്മാരും തരകന്മാരും ഗുപ്തന്മാരും. ഇവർ കാവേരിപൂം പട്ടണത്തിൽനിന്നും വായില്ലാക്കുന്നിൽ എത്തിയതിന്റെ പിന്നിലെ ഐതിഹ്യം ഇങ്ങനെ.

ആറാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ കാവേരിപൂം പട്ടണം ആസ്ഥാനമാക്കി നാടുവാണ ചെങ്കന്നൻ എന്ന ചോളരാജാവിന് സുഹൃത്തായ കാശിരാജാവ് വിശേഷപ്പെട്ട ഏതാനും മുത്തുമണികൾ സമ്മാനമായി നല്കി. വിചിത്രമായ തുളകളുള്ള ആ മുത്തുമണികൾ ഒരു മാലയായി കോർക്കാൻ കൊട്ടാരത്തിലെ ആർക്കും കഴിഞ്ഞില്ല. വൈശ്യനായ ശങ്കരനായനാർ ആയിരുന്നു ചെങ്കന്നന്റെ മന്ത്രി. മന്ത്രിപുത്രിയായ അമലേന്ദു മുത്തുമാല കോർക്കാനുള്ള ദൗത്യം സ്വയം ഏറ്റെടുത്തു.

മന്ത്രിമന്ദിരത്തിൽ എത്തിച്ച മുത്തുമണികൾ അമലേന്ദു ഒരു ഉറുമ്പിൻ പോട്ടിനരികെ ഒന്നിനോടൊന്ന് ചേർത്തുവെച്ചു. ഒരറ്റത്ത് നെയ്യിൽ മുക്കിയ താമരനൂലും. നൂലിന്റെ ഒരറ്റം ആദ്യത്തെ മുത്തിനുള്ളിലേക്ക് കടത്തിവെച്ച നിലയിലായിരുന്നു. പിറ്റേന്ന് നോക്കുമ്പോൾ മുത്തുമണികൾ മാലയായിക്കോർത്ത നിലയിലാണ് കണ്ടത്. നെയ്മണം പിടിച്ചെത്തിയ ഉറുമ്പുകളായിരുന്നു മുത്തുമണികൾക്കുള്ളിലൂടെ നൂല് വലിച്ച് പുറത്തെത്തിച്ചത്. സന്തുഷ്ടനായ രാജാവ് മന്ത്രിപുത്രിയും അതീവസുന്ദരിയുമായിരുന്ന അമലേന്ദുവിനെ തനിക്ക് വിവാഹംചെയ്തുതരണം എന്ന് മന്ത്രിയോട് ആവശ്യപ്പെട്ടു.

അമലേന്ദുവിന് വൃദ്ധനായ ആ ചോളരാജാവിനെ വിവാഹം കഴിക്കാൻ ഇഷ്ടമല്ലായിരുന്നു. മന്ത്രി വിഷമത്തിലായി. മന്ത്രിയുടെ പെരുമാറ്റത്തിൽ പന്തികേട് തോന്നിയ രാജാവ് മുഹൂർത്തം നിശ്ചയിച്ച് പിറ്റേന്നുതന്നെ വിവാഹം നടത്തണമെന്ന് ആജ്ഞാപിച്ചു. അന്ന് രാത്രി തന്നെ മന്ത്രിയും മകളും ബന്ധുക്കളും കുലഗുരുവായ ജ്ഞാനശിവാചാര്യരോടൊപ്പം ചോളദേശം വിട്ട് കേരളത്തിലേക്ക് പോന്നു. സാമൂതിരി അവർക്ക് അഭയം നല്കി. രണ്ടാംസ്ഥാനിയായ ഏറാൾപ്പാടിന്റെ ആസ്ഥാനമായ 'കരിമ്പുഴ'യ്ക്ക് സമീപം നെടുങ്ങനാട്ടിൽ ആയിരുന്നു അവർക്ക് താമസിക്കാൻ സ്ഥലം നല്കിയത്.

അവരിൽ ആദിത്യപുരം ഗ്രാമക്കാർ വാസയോഗ്യമായി തിരഞ്ഞെടുത്ത സ്ഥലമാണ് കടമ്പഴിപ്പുറത്തെ വായില്ലാക്കുന്ന്. സാമൂതിരി ഈ സ്ഥലമത്രയും കുടിയേറിവന്നവർക്ക് നല്കുകയായിരുന്നു. ആദിത്യപുരം ഗ്രാമക്കാർ കടമ്പഴിപ്പുറത്ത് ആദ്യം നിർമിച്ച ക്ഷേത്രമാണ് ആദിത്യപുരം ശിവക്ഷേത്രം. പിന്നീട് സാമൂതിരി അവർക്ക് വായില്ലാക്കുന്നിലപ്പൻ ക്ഷേത്രത്തിനടുത്ത് ഭഗവതിക്ഷേത്രം നിർമിക്കാൻ സ്ഥലം നല്കിയപ്പോൾ ആദിത്യപുരം ക്ഷേത്രം സാമൂതിരിക്ക് വിട്ടുകൊടുത്തു.

കടമ്പഴിപ്പുറത്തെ വായില്ലാക്കുന്നത്തമ്പലം

വരരുചി വായില്ലാക്കുന്നിലപ്പനെ പ്രതിഷ്ഠിച്ചത് ഗോകർണ ക്ഷേത്രത്തിനടുത്തുള്ള ഏതോ കുന്നിൻമുകളിലാണെന്ന് കഥയ്ക്ക് ഒരു പാഠഭേദം നിലവിലുണ്ട്. കടമ്പഴിപ്പുറത്തെ വായില്ലാക്കുന്നിലപ്പൻ പ്രതിഷ്ഠ, നാറാണത്തുഭ്രാന്തൻ നിർമിച്ച മൂർത്തികാവിഗ്രഹമാണത്രെ. വരരുചിയുടെ ശ്രാദ്ധദിനമായ 'ഭീഷ്മാഷ്ടമി' നാളിൽ നാനാജാതിയിൽ വളർന്ന സഹോദരങ്ങൾ ജ്യേഷ്ഠനായ അഗ്നിഹോത്രിയുടെ ഇല്ലത്ത് ഒത്തുകൂടിയിരുന്നു എന്നാണ് പറയപ്പെടുന്നത്. 'ശ്രാദ്ധം' എല്ലാ മക്കളും ചേർന്ന് ഊട്ടിയാലെ പിതൃക്കൾക്ക് മോക്ഷം ലഭിക്കൂ. അതിനാൽ നാറാണത്തുഭ്രാന്തൻ മണ്ണുകൊണ്ടുണ്ടാക്കിയ അനുജന്റെ മൂർത്തികാവിഗ്രഹത്തെ ഒപ്പം ഇരുത്തിയായിരുന്നു ക്രിയകൾ. അന്നേരം കുടമണി കിലുക്കിയാണത്രെ വായില്ലാക്കുന്നിലപ്പൻ തന്റെ മൗനസാന്നിധ്യം സഹോദരങ്ങളെ അറിയിച്ചിരുന്നത്. ശ്രാദ്ധശേഷം ആ കളിമൺ വിഗ്രഹം കടമ്പഴിപ്പുറത്ത് സൂക്ഷിക്കും. ഏറെക്കാലം അനുവർത്തിച്ചിരുന്ന ആ ചടങ്ങ് പിന്നീട് എപ്പോഴോ നിന്നുപോയി.

സർവവ്യാപ്തവും അതിദീപ്തവുമായ വിരാട് പുരുഷാംഗങ്ങളിൽ ത്രിഗുണസ്വരൂപങ്ങളായ എന്തോ ചിലതെല്ലാം ചേർന്ന് രൂപംകൊണ്ടതാണ് പറയിപെറ്റ പന്തിരുകുലം. ആ ത്രിഗുണലക്ഷണങ്ങൾ അനുസരിച്ച് ബ്രഹ്മനിയോഗിതരായ ഏതാനും വ്യക്തികൾക്കാണ് അതതു പ്രജകളെ വളർത്താൻ ഭാഗ്യംഉണ്ടായത്. ഒരുപക്ഷേ, ജീവിച്ച പതിനൊന്നുപേരേക്കാളും ശ്രേഷ്ഠനായിരുന്ന വായില്ലാക്കുന്നിലപ്പനെ വളർത്താൻ അത്രയുംതന്നെ ശ്രേഷ്ഠതയുള്ള ഒരാളെ ലഭിക്കാതെപോയതുകൊണ്ടാകാം, വരരുചി ആ മകനെ മൗനദേവനാക്കി ജീവനോടെ പ്രതിഷ്ഠിച്ചത്.